**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 41** **22-06-2026-ൽ മറുപടിയ്ക്ക്**

**താല്ക്കാലിക/കരാർ നിയമനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ചാണ്ടി ഉമ്മൻ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** 2021 ജൂൺ മാസം മുതൽ 2026 ഏപ്രിൽ മാസം വരെ പി.എസ്.സി വഴി നടത്തിയ നിയമനങ്ങൾ എത്രയെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

**മറുപടി:**

| വർഷം | നിയമന ശിപാർശകളുടെ എണ്ണം |
|---|---|
| 2021 | 26,724 |
| 2022 | 22,393 |
| 2023 | 34,110 |
| 2024 | 34,196 |
| 2025 | 37,355 |
| 2026 (ജനുവരി 19 വരെ) | 650 |
| 2026 ഏപ്രിൽ മാസം വരെയുള്ള വിവരങ്ങൾ ശേഖരിച്ച് വരുന്നു. | |

**(ബി)** 2021-26 കാലയളവിൽ പി.എസ്.സി-ക്ക് വിട്ട തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ, കരാർ അടിസ്ഥാനത്തിലും ദിവസവേതന അടിസ്ഥാനത്തിലും എത്രപേരെ നിയമിച്ചിട്ടുണ്ട്; ഇതിനായി ഖജനാവിൽ നിന്നും പ്രതിമാസം എത്ര തുക ചെലവഴിച്ചിരുന്നു; വിശദാംശങ്ങൾ നൽകാമോ;

**മറുപടി:** വിവരം ശേഖരിച്ച് വരുന്നു.

**(സി)** ഇത്തരത്തിൽ താല്ക്കാലികമായി നിയമിക്കപ്പെട്ട എത്രപേരെയാണ് സർവ്വീസിൽ സ്ഥിരപ്പെടുത്തിയത്; ഇതിനായി പ്രത്യേക ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** കരാർ നിയമനങ്ങൾ വർദ്ധിച്ചതുമൂലം പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ജോലി ലഭിക്കാതെ പോയ ഉദ്യോഗാർത്ഥികളുടെ പരാതികൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

**മറുപടി:** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം, ദിവസക്കൂലി/കരാർ നിയമനം മുതലായ താൽക്കാലിക രീതിയിലുള്ള നിയമനങ്ങളൊന്നും പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ള ഒരു തസ്തികയിലും അവലംബിക്കാൻ പാടുള്ളതല്ല എന്ന് നിർദ്ദേശം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്താത്ത തസ്തികകളിൽ മാത്രമാണ് അടിയന്തര സേവനങ്ങൾ നടത്തുന്നതിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനങ്ങൾ നടത്തുന്നത്.

പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം ഉറപ്പ് വരുത്തുന്നതിലേക്ക് നിയമനാധികാരികൾക്ക്/വകുപ്പ് മേധാവികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ, പി&എആർഡി യുടെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യിക്കുവാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**